"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - ജീവനക്കാര്യം - കോട്ടയം നിരത്തുകൾ ഉപവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയരുടെ കാര്യാലയത്തിലെ സീനിയർ ഗ്രേഡ് ഡ്രൈവർ ശ്രീ. കെ.എസ്. പ്രസാദ് ന് ദൃശ്യ ശ്രവണ മാധ്യമങ്ങളിൽ കലാ-സാംസ്കാരിക പ്രവർത്തനം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത്(എ) വകുപ്പ്**

സ.ഉ.(സാധാ) നം.496/2024/PWD തീയതി,തിരുവനന്തപുരം, 06-05-2024

---

പരാമർശം:-

1. ശ്രീ കെ.എസ്. പ്രസാദ്, സീനിയർ ഗ്രേഡ് ഡ്രൈവർ 06/12/2023, 02/02/2024 തീയതികളിൽ സമർപ്പിച്ച അപേക്ഷയും സത്യവാങ്മൂലവും.
2. പൊതുമരാമത്ത് ഭരണവിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ(വിജിലൻസ്) ടെ 07/03/2024 ലെ CEPWD/20/2024-Vig4-ADനമ്പർ കത്ത്.

**ഉത്തരവ്**

പൊതുമരാമത്ത് വകുപ്പ് കോട്ടയം നിരത്തുകൾ ഉപവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സീനിയർ ഗ്രേഡ് ഡ്രൈവർ ആയി സേവനമനുഷ്ഠിക്കുന്ന ശ്രീ. കെ.എസ്. പ്രസാദ്, ഔദ്യോഗിക കൃത്യനിർവ്വഹണ ത്തിൽ വീഴ്ച വരാതെയും പ്രതിഫലേച്ഛ കൂടാതെയും ദൃശ്യ ശ്രവണ മാധ്യമങ്ങളിൽ കലാപ്രവർത്തനത്തിനുള്ള അനുമതി നൽകണമെന്ന് പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരിഗണിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് പരാമർശം 2 പ്രകാരം പൊതുമരാമത്ത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സർക്കാരിൽ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് വകുപ്പ് കോട്ടയം നിരത്തുകൾ ഉപവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ ഗ്രേഡ് ഡ്രൈവർ ആയ ശ്രീ. കെ.എസ്. പ്രസാദ് ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ഭംഗം വരാത്ത തരത്തിൽ പ്രതിഫലം കൈപ്പറ്റാതെയും, ഇത്തരം കലാപ്രവർത്തനങ്ങളിൽ വല്ലപ്പോഴുമല്ലാതെ പതിവായി പ്രവർത്തിക്കുന്ന പക്ഷം ടി അനുമതി റദ്ദാക്കപ്പെടും എന്നുള്ള വ്യവസ്ഥയിലും ദൃശ്യ ശ്രവണ മാധ്യമ കലാമേഖല കളിൽ പ്രവർത്തിക്കുന്നതിന് കേരള ഗവൺമെന്റ് സെർവന്റ്സ് കോൺഡക്ട് റൂൾസ് ചട്ടം 48 ലെ ഒന്നാം പ്രൊവിസോ പ്രകാരം അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിസി മോൾ. ഇ
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ(ഭരണ വിഭാഗം) പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം

ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (വിജിലൻസ്) , തിരുവനന്തപുരം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്തുകൾ ഉപവിഭാഗം, കോട്ടയം

ശ്രീ.കെ.എസ് പ്രസാദ്, സീനിയർ ഗ്രേഡ് ഡ്രൈവർ നിരത്തുകൾ ഉപവിഭാഗം, കോട്ടയം (ചീഫ് എഞ്ചിനീയർ (ഭരണ വിഭാഗം) മുഖേന)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sreelekha R
Date: 07-05-2024 10:18:08

സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു. പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ പി.എസ് ന്.